ശ്രീമൂലം മലയാളഭാഷാഗ്രന്ഥാവലി.

ഗ്രന്ഥാങ്കം ന്നം.

കല്യാണസൌഗന്ധികം

ഭാഷാചമ്പു

ആക്ടിങ്ങ് ക്യൂറേറ്റർ

കേ. മഹാദേവശാസ്ത്രികൾ

പരിശോധിച്ച്

മഹാരാജമഹാമഹിമശ്രീ ശ്രീചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സിലെ

കല്പനപ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്.

തൃതീയസംസ്കരണം

തിരുവനന്തപുരം:

തിരുവിതാംകൂർ സൎക്കാർ അച്ചുകൂടത്തിൽ അച്ചടിച്ചത്,

THE ŚRĪ MŪLAM MALAYĀḶAM SERIES.

No. VI.

KALYÂṆASAUGANDHIKAM

BHĀṢĀCAMPU

No 720

EDITED BY

K. MAHĀDEVA ŚĀSTRĪ,

Ag. Curator for the Publication of Oriental Manuscripts,
Trivandrum.

PUBLISHED UNDEE THE AUTHORITY OF THE GOVERNMENT OF HIS HIGHNESS THE MAHARAJA OF TRAVANCORE.

Second Edition

TRIVANDRUM:

PRITED BY THE SUPERINTENDENT, GOVERNMENT PRESS,

1942.

Kanjiramkulam High School
P. Kunjanmadan.

ശ്രീഃ

ചിത്രാപദാനരമണീയകലാവിലാസീ
ചിത്രാവതാരപരമാദ്ഭുതപൂർണ്ണചന്ദ്രഃ
ചിത്രാത്തരേണ മഹസാ സഹസാ പ്രവൃദ്ധ-
ശ്ചിത്താംബുജാനി വികസന്തി കരോത്യജസ്രം.

തസ്യാസ്യ വഞ്ചിവസുധോദയസങ്ഗതസ്യ
രാജ്ഞഃ കൃപാമൃതഝരീപരിപോഷിതേയം
ഗ്രന്ഥാവലീ വിവിധരമ്യകൃതിപ്രശസ്തം
മുക്താവലീവ കൃതിനാം ഹൃദയേ ചകാസ്തു.

കേ. മഹാദേവശാസ്ത്രീ.

ശ്രീ.

മുഖവുര.

അപൂർവ്വത, ശബ്ദാർത്ഥസൌരഭ്യം, രസസമ്പത്തി, രസസ്ഫുരണാനുഗുണമായ ഗുംഫനം, വർണ്ണനചാതുരി മുതലായ വിശിഷ്ട ഗുണങ്ങളാൽ ശോഭിക്കുന്ന "കല്യാണസൌഗന്ധിക"ത്തിന്റെ ദ്വിതീയസംസ്കരണം രസികന്മാർ അണിയുവാൻ ഇതാ പ്രകാശിപ്പിച്ചുകൊള്ളുന്നു.

"സൌഗന്ധികം" എന്നതു താമരയുടെ ഇനത്തിലുൾപ്പെട്ടതും, എന്നാൽ അതിനെക്കാൾ പ്രസരിപ്പു കൂടുന്നതും ദൂരവ്യാപിയുമായ വാസനയുള്ളതും, ചെങ്ങഴിനീർ എന്നു പറയപ്പെടുന്നതുമായ ഒരു പുഷ്പമാകുന്നു. ഈ പദത്തിനു മുൻപിലുള്ള കല്യാണപദത്തിനു:—

"കല്യാണീ ക്ഷേമമയോഃ ക്ലീ തു
മങ്ഗളേ ക്ഷയരുക്മയോഃ."

(വൈജയന്തി.)

"കല്യാണം ഹേമ്നി മങ്ഗളേ."

(അനേകാർത്ഥസംഗ്രഹഃ)

കല്യാണം കാഞ്ചനേ ശുഭേ."

(ത്രികാണ്ഡശേഷഃ)

എന്നും മററുമുള്ള കോശങ്ങൾ അനുസരിച്ച് മങ്ഗളം, അക്ഷയം, സ്വർണ്ണം എന്നിങ്ങനെ മൂന്നർത്ഥം പറയാം. ഇവയിൽ മങ്ഗളം സർവ്വപുഷ്പസാധാരണമായിരിക്കയാൽ മററുള്ള രണ്ടർത്ഥങ്ങൾ സ്വീകരിക്കുന്നതായാൽ ഗന്ധമാദനപരിസരത്തിലുള്ള സ്വാതോമ സരസ്സിൽ പൂക്കുന്ന സൌഗന്ധികത്തിനു സിദ്ധിക്കാവുന്ന വിശേഷഗുണങ്ങൾ പ്രകടിതങ്ങളാകും. അപ്പോൾ "കല്യാണസൌഗന്ധികം" എന്ന പദത്തിന് — ഒരിക്കലും വാടാത്തതും സ്വർണ്ണനിറമുള്ളതുമായ ചെങ്ങഴിനീർകുസുമം എന്നർത്ഥമാക്കാം. പുഷ്പത്തിനുള്ള ഈ പേർ ഗ്രന്ഥത്തിനു ഉപയോഗിച്ചതു, "വാസവദത്താ" എന്നും മററുമുള്ളതുപോലെ ഔപചാരികമായിട്ടാണു്. ക്രിസ്തുവർഷം ഒൻപതാംശതകത്തിൽ ജീവിച്ചിരുന്നതായി വിമർശകന്മാർ തീരുമാനിച്ചിട്ടുള്ള "നീലകണ്ഠകവി"യും, കൊല്ലം ഏഴാംശതകത്തിനിപ്പുറമല്ലെന്നു ഊഹിക്കപ്പെട്ടിട്ടുള്ള "ഭാരതഗാഥാ"കാരനും, കൊട്ടാരക്കര വീരകേരളവർമ്മാവും, കാർത്തിക

തിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടും, കുഞ്ചൻനമ്പ്യാരും ഈ പേരു സ്വീകരിച്ചിരിക്കുന്നു. എന്നാൽ നീലകണ്ഠകവി "കല്യാണസൌഗന്ധികവ്യായോഗ"ത്തിലും, വീരകേരളവർമ്മാവും, കാർത്തികതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടും ആട്ടക്കഥകളിലും, ഉപയോഗിച്ചിരിക്കുന്ന കല്യാണപദം, അവയിൽ ഒരു പാത്രമായ 'കല്യാണകൻ' എന്ന ഗന്ധർവ്വനെ ഉദ്ദേശിച്ചാണെന്നു ചിലർ അഭിപ്രായപ്പെടുന്നു. പദസ്വാരസ്യം ആസ്വാദിച്ചാൽ, വിദ്യാധരനും സൌഗന്ധികത്തിനും യാതൊരു ബന്ധവുമില്ലാത്തതിനാലും, അർത്ഥാന്തരസ്വീകരണത്തിൽ കൂടുതൽ വിശേഷം ദ്യോതിതമാകുന്നതിനാലും അവരുടെ അഭിപ്രായത്തോടുകൂടി യോജിക്കുവാൻ എനിക്കു മനസ്സുവരുന്നില്ല. അങ്ങനെ യോജിച്ചാലുംതന്നെ, "കല്യാണകസൌഗന്ധികം" എന്നു പേരു വരേണ്ടയോ; അസമർത്ഥങ്ങളായ രണ്ടു പദങ്ങൾക്കു സമാസം എങ്ങനെ എന്നും മററും ഒരു ശാബ്ദികൻ നമ്മോടു മല്ലിട്ടാൽ വിഷമിക്കുവാനേ നിവൃത്തി കാണുന്നുള്ളു. അതുകൊണ്ടു യഥാശ്രുതമായ അർത്ഥം സ്വീകരിക്കുന്നതുതന്നെ നന്നെന്നു തോന്നുന്നു. പ്രകൃതചമ്പുവിലാകട്ടെ "കല്യാണകൻ" ഇല്ലാത്തതിനാൽ ആ വിഷമതകളൊന്നും ഇവിടെ ചിന്തിച്ചിട്ടാവശ്യമില്ലതാനും. മൂലഗ്രന്ഥമായ മഹാഭാരതത്തിലും 'സ്വർണ്ണനിറം' എന്നർത്ഥം ഒരുവിധം ഊഹിക്കത്തക്കതായ "ബാലാർക്കസദൃശദ്യുതി" തുടങ്ങിയ വിശേഷണങ്ങളുള്ളതല്ലാതെ കല്യാണപദം കാണുന്നില്ല. പ്രകൃതചമ്പുവിന്റെ ഗ്രന്ഥശരീരത്തിലും ആ പദം (കല്യാണപദം) ഇല്ല. എന്നാൽ പിന്നെ ഈ ഗ്രന്ഥത്തിനു ഇങ്ങനെ ഒരു നാമകരണം ചെയ്തതാരാണെന്നു ചോദിച്ചാൽ, ഗ്രന്ഥസമാപ്തിയിൽ കാണുന്ന "കല്യാണസൌഗന്ധികം ഭാഷാചമ്പു സമാപ്തം" എന്ന വാക്യം തന്നെയാണെന്നു മാത്രമേ ഉത്തരം പറയുവാൻ തരമുള്ളു. ടി വാക്യം ലേഖകന്റെ കരകൌശലമായിട്ടും വരാം ഏതായാലും കൊടുത്ത പേർ പ്രകൃതചമ്പുവിന് ഏററവും യോജിക്കുന്നതിനാൽ ഇവിടെ വഴക്കുകൂടേണ്ടുന്ന ആവശ്യമില്ല.

ഇനി കഥയിലേക്കു കടക്കാം. പാണ്ഡവർ കാമ്യകവനത്തിൽ സുഖമായി താമസിക്കുമ്പോൾ ശ്രീപരമേശ്വരനെ പ്രസാദിപ്പിച്ചു പാശുപതാസ്ത്രം വാങ്ങുവാൻ പുറപ്പെട്ട അർജ്ജുനനെ ഏകദേശം അഞ്ചുകൊല്ലംവരെ കാണാഴികയാൽ തദ്വിയോഗാതുര

രായ ധൎമ്മജാദികൾ നാലപരും ധൎമ്മപത്നിയായ ദ്രൌപദിയും ധൌമ്യാദികളുമായി അദ്ദേഹത്തിനെ അന്വേഷിച്ച പുറപ്പെട്ട വഴിയിൽ ബദരികാശ്രമത്തിൽ അഞ്ചുദിവസം താമസിക്കുകയു ണ്ടായി. അപ്പോൾ നടന്ന സംഭവമാണു് ഇതിലേ ഇതിവൃത്തം. ഇതു ഭാരതം വനപൎവ്വത്തിലുൾപ്പെട്ട "തീൎത്ഥയാത്രാപൎവ്വ"ത്തിൽ വിസ്തരിച്ച പറയപ്പെട്ടിട്ടുണ്ടു്. ഈ വിസ്താരം കേവലം കഥയി ലല്ല, ഹനുമാൻ ഭീമന്ന കൊടുത്ത ഉപദേശങ്ങളിലാണു്, കൊ ണ്ടിരിക്കുന്നതു്. ഈ കഥയ്ക്കു് ഒരു മാഹാത്മ്യം ഉണ്ടായതുതന്നെ ഈ ഉപദേശങ്ങൾകൊണ്ടാണു്. അതിനാൽ ഇതിലേ ജീവ നാഡി ആ ഉപദേശങ്ങളും, അതിലുള്ള ചൈതന്യകല, ഹനു മത്പ്രസാദവും ഭാരതയുദ്ധത്തിൽ ഭീമന്ന കെല്പ് ഉണ്ടാകുവാൻ ഹനുമാൻ അനുഗ്രഹിക്കുന്നതും മാത്രമാണു്. സൂക്ഷിച്ചുനോക്കി യാൽ ഇതു് എത്രയും ശരിയായിട്ടുള്ളതാണെന്നു വ്യക്തമാകും. ഇങ്ങനെ ഒരു സാരം വ്യാസന്റെ ഉള്ളിൽ ഇല്ലെങ്കിൽ, സ്ത്രീയുടെ ചാപലത്തിന്ന വശപ്പെട്ടു സാദ്ധ്യാസാദ്ധ്യവിചാരം കൂടാതേയും സഹോദരവിയോഗാതുരനായ ജ്യേഷ്ഠന്റെ അനുവാദം കൂടാതേയും പുഷ്പാഹരണത്തിന്ന അതിഗഹനമായ കാട്ടിലേക്കു ചാടിപ്പുറ പ്പെട്ട ഭീമന്റെ കൃത്യത്തെ സാധൂകരിക്കുവാൻ വേറെ ഒരു സമാ ധാനം തേടേണ്ടുന്നതു് അത്യാവശ്യമായിരിക്കുന്നു. ഈ സ്ഥിതിയിൽ ഹനുമാന്റെ പ്രവേശനവും അത്യാവശ്യമില്ലാതെ തന്നെ വരും. എന്നാൽ ഇതിൽ ലോകരീത്യാ വ്യാസൻ ഒരു സമാധാനം പറയു ന്നതു് ഇങ്ങനെയാണു്:—

"സംസ്മരൻ വിവിധാൻ ക്ലേശാൻ
ദുൎയ്യോധനകൃതാൻ ബഹൂൻ
ദ്രൌപദ്യാ വനവാസിന്യാഃ
പ്രിയം കൎത്തും സമുദ്യതഃ.

(അദ്ധ്യാ. 148. ശ്ലോ. 36.)

പ്രകൃതചമ്പുവിൽ കൊള്ളിച്ചിരിക്കുന്ന പ്രധാനകഥാംഗ ങ്ങൾ ഗന്ധമാദനവൎണ്ണനം, സൌഗന്ധികദൎശനം, സൌഗന്ധിക പ്രാൎത്ഥനം, ഭീമന്റെ യാത്ര, കദളീവനപ്രവേശം, ഹനുമദ്ദൎശനം, ഹനുമാനുമായുള്ള സംഭാഷണം, വഴിതടുത്തു കിടക്കുന്ന ഹനു മാന്റെ വാലിനെ മാററുവാനുള്ള ഉദ്യമം, അതിൽ ഭീമന്റെ പരാ

ഭവം, ഹനൂമാന്റെ ആത്മനിവേദനം, വിശ്വരൂപദർശനാകാംക്ഷ, വിശ്വരൂപപ്രദർശനം, ഭയവിഹ്വലനായ ഭീമന്റെ അപേക്ഷപ്രകാരം ഹനൂമാന്റെ സൌമ്യരൂപസ്വീകരണം, സൌഗന്ധികസരസ്സിലേയ്ക്കുള്ള യാത്ര, സൌഗന്ധികസരോദർശനം, പുഷ്പസ്വീകരണം, തത്പാലകരായ രാക്ഷസരുമായുള്ള യുദ്ധം, ഭീമവിജയം, പുഷ്പാഹരണം എന്നും മററുമായിട്ടുള്ളവയാണ്.

ഇവയിൽ ആവശ്യമുള്ള ചില ഭാഗങ്ങളിൽ അല്പം ഒരു നിരൂപണം ചെയ്യുന്നതു് അപ്രകൃതമല്ലെന്നു വിചാരിക്കുന്നു.

ഗന്ധമാദനത്തിന്റെ സ്ഥാനം.—പുരാണപ്രകാരം നവഖണ്ഡാത്മകമായ ജംബൂദ്വീപത്തിൽ നടുക്കു ഇളാവൃതഖണ്ഡവും, അതിന്റെ പാർശ്വത്തിൽ ഭദ്രാശ്വവും, പടിഞ്ഞാറു കേതുമാലവും, യഥാക്രമം തെക്കു ഹരിവർഷം, കിംപുരുഷം, ഭാരതം എന്ന മൂന്നു ഖണ്ഡങ്ങളും, വടക്കു രമ്യകം, ഹിരണ്മയം കുരുവർഷം, എന്നിങ്ങനെയുള്ള ഖണ്ഡങ്ങളുമായിട്ടാണ് ഒൻപതു ഖണ്ഡങ്ങൾ സ്ഥിതിചെയ്യുന്നതു്. ഇവയിൽ ഇളാവൃതത്തിന്റെ മദ്ധ്യത്തിൽ മേരുവും അതിന്റെ കിഴക്കു മന്ദരവും, തെക്കു ഗന്ധമാദനവും, പടിഞ്ഞാറു വിപുലവും, വടക്കു സുപാർശ്വവും വിഷ്കംഭശൈലങ്ങളായി നില്ക്കുന്നു. ഈ രീതിയിൽ ഭാരതഖണ്ഡം ഇളാവൃതത്തിന്റെ തെക്കേ അററത്തിലിരിക്കുന്നതായി സിദ്ധിക്കുന്നു. ആ സ്ഥിതിക്കു ഗന്ധമാദനം ഭാരതഖണ്ഡത്തിലുൾപ്പെട്ടതല്ലെന്നു നിശ്ചയിക്കാം. പാണ്ഡവരുടെ താവളസ്ഥലമായ ബദരികാശ്രമം, ഹിമവാന്റെ സാനുവിൽ ഇപ്പോൾ പ്രസിദ്ധപ്പെട്ടിരിക്കുന്ന ബദരികാശ്രമം അല്ലെന്നു തെളിയിക്കാം. മുൻ പ്രസ്താവിച്ച ബദരികാശ്രമത്തിനും സൌഗന്ധികസരസ്സിനും ഏകദേശം മദ്ധ്യത്തിലാണു കദളീവനത്തിന്റെ സ്ഥിതി. സൌഗന്ധികം കാററടിച്ചു പറത്തിയിട്ടതു് ആ ബദരികാശ്രമത്തിന്റെ ഈശകോണത്തിൽനിന്നുമാണ്. കാററു് സൌഗന്ധികം കൊണ്ടിട്ടതു് ടി സരസ്സിൽനിന്നാണെങ്കിൽ ആ സരസ്സിനും ബദരികാശ്രമത്തിനും വലിയ അകലം ഇല്ലെന്നു വിചാരിക്കുവാൻ ന്യായമുണ്ടു്.

ഹനൂമാൻ കദളീവനത്തിൽ തപസ്സുചെയ്തുകൊണ്ടിരിക്കുന്ന സ്വരൂപത്തിന്റെ ധ്യാനം ജ്ഞാനപ്രദമാകയാൽ അതു ഇവിടെ ചേർക്കുന്നു:—

"വാമേ ജാനുനി വാമബാഹും, അപരം
ജ്ഞാനാഖ്യമുദ്രായുതം
ഹൃദ്ദേശേ കലയൻ വൃരോ മുനിഗണൈ-
ന്നാസാഗ്രദത്തേക്ഷണഃ
ആസീനഃ കദളീവനേ മണിമയേ
ബാലാക്കകോടിപ്രഭോ
ധ്യായൻ ബ്രഹ്മ പരം കരോതു മനസഃ
ശുദ്ധിം ഹനുമാൻ മമ".

ഈ സമാധിയിൽനിന്ന വിട്ടുപിരിഞ്ഞതിന്റെ ഉദ്ദേശം, സഹോദരനായ ഭീമനെ അനുഗ്രഹിക്കണം എന്നു മാത്രമുള്ളതാണ്. ഈ താത്കാലികാവസ്ഥയെയാണ് ഭീമൻ സന്ദർശിച്ചത്. ഭീമൻ അപ്പോൾ കണ്ട ഹനുമാന്റെ സ്വരൂപത്തെ വ്യാസമഹർഷി ഭാരതത്തിൽ ൧൫൧-ാമത്തേ അദ്ധ്യായത്തിൽ ൧൦ മുതൽ ൧൬ വരെയുള്ള ശ്ലോകങ്ങൾകൊണ്ടു വിവരിച്ചിരിക്കുന്നു.

ഹനുമാൻ വഴി മറച്ചിരുന്നതു — ഭീമൻ ആ വഴിയിൽക്കൂടി പോയാൽ ഇഷ്ടം സാധിക്കുകയില്ലെന്നു മാത്രമല്ല, വല്ല മഹർഷിമാരുടേയൊ യക്ഷാദികളുടേയൊ ശാപവും അദ്ദേഹത്തിനു പററിയേക്കും എന്നുള്ള ഉദ്ദേശത്തിലാണ്.

സംഭാഷണത്തിൽ യുഗധമ്മങ്ങളേയും വണ്ണാശ്രമധമ്മങ്ങളേയും ആചാരങ്ങളേയും ശ്രീരാമന്റെ ചരിത്രത്തേയും ഹനുമാൻ അവതരിപ്പിച്ചിട്ടുണ്ട്. ഭാരതയുദ്ധത്തിൽ ഭീമനു സഹകരിക്കാമെന്നും അരുളിച്ചെയ്തു.

ഭീമൻ ഹനുമാന്റെ വിശ്വരൂപം കണ്ടാൽ കൊള്ളാമെന്ന് അപേക്ഷിച്ചപ്പോൾ ഹനുമാൻ പറയുന്നു —

"അയം പ്രധ്വംസനഃ കാലോ
നാദ്യ തദ്രൂപമസ്തി മേ"

(അദ്ധ്യാ. ൧൪൯. ശ്ലോ. ൭)

എന്നും

"ഏതത് കലിയുഗം നാമ
അചിരാത് സംപ്രവത്തതേ"

(അദ്ധ്യാ. ൧൪൯. ശ്ലോ. ൩൭)

എന്നുമുള്ള വാക്യങ്ങളിൽനിന്നു കലിയുഗാരംഭത്തിലാണ് ഈ കഥ നടന്നതെന്നൊരു അർത്ഥം സ്ഫുരിക്കുന്നു. എന്നാൽ "അചിരാത് സംപ്രവത്തതേ" എന്ന അംശത്തിനു "താമസിക്കാതെ തുടങ്ങും" എന്നർത്ഥമാക്കിയാൽ അപ്പോഠം കലിയുഗം ആരംഭിച്ചു കഴിഞ്ഞില്ലെന്നും വിചാരിക്കാം. ഈ പക്ഷത്തിൽ വത്തമാനപ്രയോഗം ഭവിഷ്യത്സാമീപ്യാതിശയംകൊണ്ടാണെന്നു സമാധാനപ്പെടണം. ഇതിലൊരു തീരുമാനം പ്രമാണാന്തരംകൂടി നോക്കി പറയേണ്ടിയിരിക്കുന്നു. രണ്ടു പക്ഷത്തിലും, ദ്വാപരത്തിൻേറയും കലിയുടേയും സന്ധി അവസാനിക്കാറായപ്പോഠംടി കഥ നടന്നുവെന്നു തത്കാലം സങ്കല്പിച്ചുകൊള്ളുന്നതിൽ വലിയ അപാകതയില്ലെന്നു തോന്നുന്നു.

മററുള്ള അംശങ്ങളിൽ ചില സ്ഥലത്തു കൂടുതൽകുറവും ചില വ്യത്യാസങ്ങളും ചില കല്പനാവിശേഷങ്ങളും ഉണ്ടെങ്കിലും കവി ചുവടു മറന്നിട്ടില്ലെന്നു തെളിയിക്കുന്നതിനു ഒന്നു രണ്ടു ഉദാഹരണങ്ങഠം കാണിക്കാം—

(൧) "ആപന്നാനാം ജനാനാമവനവിധി......"

(പുറം ൮)

ഇത്യാദിശ്ലോകങ്ങളുടെ മൂലം—

"നനു നാമ ത്വയാ കാര്യാ
ദയാ ഭൂതേഷു ജാനതാ
വയം ധമ്മം ന ജാനീമ-
സ്തിര്യഗ്യോനിമുപാശ്രിതാഃ
നരാസ്തു ബുദ്ധിസമ്പന്നാ
ദയാം കുവ്വന്തി ജന്തുഷു
ക്രൂരേഷു കമ്മസു കഥം
ദേഹവാക്ചിത്തദൂഷിഷു,
ധമ്മഫലാതിഷു സജ്ജന്തേ
ബുദ്ധിമന്തോ ഭവദ്വിധാഃ
ന ത്വം ധർമ്മം വിജാനാസി
വൃദ്ധാ നോപാസിതാസ്ത്വയാ
അല്പബുദ്ധിതയാ ബാല്യാ-
ദുത്സാദയസി യന്മൃഗാൻ"

(അധ്യാ. ൧൪ ശ്ലോ. ൧൫-൧൯)

പ്രസീദ നാസ്തി മേ ശക്തി-
രുത്ഥാതും ജരയാനഘ!
മമാനുകമ്പയാ ത്വേതത്
പുച്ഛമുത്സാര്യ ഗമ്യതാം.

(അധ്യാ. ൧൪൯, ശ്ലോ. ൧൬)

(൮) നിന്ദാം കൈക്കൊണ്ടു ചൊന്നേനതു
പുനരഖിലം ക്ഷമ്യതാം

(പുറം ൧൨)

"പ്രസീദ കപിശാർദ്ദൂല!
ദുരുക്തം ക്ഷമ്യതാം മമ."

(അധ്യാ. ൧൪൯, ശ്ലോ. ൨൩)

ഇങ്ങനെ നോക്കിയാൽ പല അംശങ്ങളും ഇവിടെ ഉദാഹരിക്കാവുന്നതാണ്.

ഏഴാമത്തേ പുറത്തിൽ ഗ്രന്ഥപാതം വന്നിട്ടുള്ളതായി അടയാളപ്പെടുത്തീട്ടുള്ള സ്ഥലത്തു ചില വർണ്ണനകൾ മാത്രമല്ലാതെ കഥാംശം വിട്ടിട്ടില്ല. ഗ്രന്ഥത്തേയും കവിയേയും കവിതയേയും പററിയുള്ള മററു സംഗതികൾ മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യർ അവർകൾ പ്രഥമസംസ്കരണത്തിന്റെ അവതാരികയിൽ പ്രസ്താവിച്ചിരിക്കുന്നതിനാൽ ഇവിടെ അവയെക്കുറിച്ചു ചർച്ചചെയ്യുന്നില്ല. ഇത്രമാത്രം മഹിമയേറിയ ഈ "കല്യാണസൌഗന്ധികം" ഭീമപരാക്രമം കൂടാതെതന്നെ കുന്നത്തുനാട്ടു താലൂക്കിലുള്ള 'ചെറുപൊയ്കയി'ൽനിന്നും കിട്ടിയതു വലിയ ഭാഗ്യം തന്നെ.

തിരുവനന്തപുരം,
൨൦-൧-൧൧൭.

കേ. മഹാദേവശാസ്ത്രി,
ആക്ടിങ് ക്യൂറേട്ടർ.

അവതാരിക.

'ശ്രീമൂലം മലയാളഭാഷാഗ്രന്ഥാവലി'യിൽ ആറാമത്തെ പുസ്തകമായി പ്രസിദ്ധപ്പെടുത്തുന്ന 'കല്യാണസൌഗന്ധികം ഭാഷാചമ്പു' ആ ഇനത്തിൽപെട്ട ഗ്രന്ഥങ്ങളിൽവെച്ചു ദൈർഘ്യംകൊണ്ടല്ലെങ്കിലും രാമണീയകംകൊണ്ടു വിശിഷ്ടസ്ഥാനത്തെ അർഹിക്കുന്ന ഒരു കൃതിയാകുന്നു. 'ചാക്കിയാർകൂത്ത്' എന്ന സാഹിത്യപരമായ വിനോദം കേരളത്തിൽ പണ്ടേക്കുപണ്ടേ നടപ്പായിരുന്നു എന്നുള്ളതിന് ഇളങ്കോവടികളുടെ 'ചിലപ്പതികാരം' എന്ന ദ്രാവിഡമഹാകാവ്യത്തിൽ സ്പഷ്ടമായ ലക്ഷ്യമുണ്ട്. ഇളങ്കോവടികളുടെ കാലം ഇനിയും സൂക്ഷ്മമായി നിർണ്ണയിക്കപ്പെട്ടിട്ടില്ലെങ്കിലും അതു ക്രി. പി. ഒന്നും ആറും ശതകങ്ങൾക്കിടയിലാണെന്നുള്ളതിനെപ്പററി അധികം വിവാദമില്ല. മഹാകവി മേല്പുത്തൂർ നാരായണഭട്ടതിരിയുടെ കാലംവരെ ചാക്കിയാന്മാർ തങ്ങളുടെ കലവൃത്തിക്കായി ഉപയോഗിച്ചുവന്നിരുന്നതു കൊല്ലം ആറാംശതകത്തിൻെറ അവസാനത്തിൽ ജീവിച്ചിരുന്ന പുനം നമ്പൂതിരിയുടേയും മററു ഭാഷാചമ്പുക്കളായിരുന്നു, സർവ്വോൽകൃഷ്ടമായ രാമായണചമ്പു പുനത്തിൻെറതെന്നാണ് വച്ചിരിക്കുന്നതു്. കവനോദയം മാസികയിൽ പാഞ്ചാലീസ്വയംവരം, ഖാണ്ഡവദാഹം, കിരാതം, കീചകവധം, ഗോഗ്രഹണം, ഉദ്യോഗം, ദൂതവാക്യം, ജയദ്രഥവധം, ഭാരതയുദ്ധം, അശ്വമേധം ഇങ്ങനെ പത്തു ഭാഗങ്ങളായി പ്രസിദ്ധപ്പെടുത്തീട്ടുള്ള ഭാരതചമ്പു ആ മഹാകവിയുടെ കൃതിയോ എന്നുള്ളതിനെപ്പററി സന്ദേഹമുണ്ട്. ഭാരതചമ്പുവിൽ ഉൾപ്പെട്ടതായിരുന്നു കല്യാണസൌഗന്ധികമെന്നുവരികിൽ അതു് ആ ഗ്രന്ഥത്തിൻെറ നാലാംഭാഗമായിത്തീരേണ്ടതായിരുന്നു. ശ്രീമഹാഭാരതം വനപർവ്വത്തിൽ തീർത്ഥയാത്രാപർവ്വത്തിൽ ൧൪൬ മുതൽ ൧൫൩ വരെയുള്ള അദ്ധ്യായങ്ങളിൽ പെട്ടതാണല്ലോ സൌഗന്ധികാഹരണകഥ. എന്നാൽ ഇപ്പോൾ പ്രസിദ്ധപ്പെടുത്തീട്ടുള്ള ഭാരതചമ്പൂഗ്രന്ഥത്തിൽ കല്യാണസൌഗന്ധികം കാണുന്നില്ലെന്നുവച്ചു മാത്രം അതു് ആ ചമ്പുവിൻെറ ഒരു വിഭാഗമല്ലെന്നോ രണ്ടും ഒരു കവിയുടെ കൃതിയല്ലെന്നോ പരിച്ഛേദിച്ചു പറയാവുന്നതല്ല. ഏതാനും ഭാഗങ്ങൾ മാത്രം പ്രസിദ്ധപ്പെട

ത്തീട്ടുള്ള രാമായണചമ്പുവിൽ ഇല്ലാത്ത അഗ്നിപ്രവേശം മുതലായ ഭാഗങ്ങൾ ഞാൻ ഇതരഗ്രന്ഥങ്ങളിൽ കണ്ടിട്ടുണ്ടു.

കല്യാണസൌഗന്ധികത്തിനു ഭാരതചമ്പുവോളംതന്നെ പഴക്കമുണ്ടെന്നു രണ്ടു ഗ്രന്ഥങ്ങളിലുമുള്ള പ്രാചീനപ്രയോഗങ്ങളിൽനിന്നനുമാനിക്കാം. 'പല' എന്ന പദം വിശേഷ്യത്തിനു പിമ്പിലായി ഭാരതചമ്പൂകാരൻ

"പുരാര! വേണ്ടുന്നതു ഭക്തിഭാജാം
തരും വിരോധം പല കാട്ടിയാലും"

എന്ന ഘട്ടത്തിൽ പ്രയോഗിച്ചിട്ടുണ്ടു്. അതുപോലെ കല്യാണസൌഗന്ധികത്തിലും "മണ്ഡലങ്ങൾ പലതുണ്ടമിട്ടു" എന്നൊരു പ്രയോഗം കാണുന്നു. ഭൂമിയുടെ പര്യായമായ മേതു് (മേദിനിയുടെ തത്ഭവം) അതിപ്രാചീനമായ ഒരു മലയാളപദമാണു്. അതു കല്യാണസൌഗന്ധികകാരൻ 'മേതിന്മേൽ വീഴ്‌വാനാം' ഇത്യാദിശ്ലോകത്തിൽ പ്രയോഗിച്ചിരിക്കുന്നു. ആകെക്കൂടി നോക്കുമ്പോൾ കല്യാണസൌഗന്ധികത്തിന്റെ ആവിർഭാവം ഭാരതചമ്പുവോടടുപ്പിച്ചുള്ള ഒരു കാലത്തായിരിക്കണമെന്നൂഹിക്കുന്നതിൽ അബദ്ധമില്ല. ഭീമസേനഹനൂമൽസംവാദത്തിൽ പൊതുവേയും

"വാനോർസിന്ധുതരംഗപാളിയിലെഴും
കാറ്ററ്റു ചിന്നീടുമ-
ന്നാനാകേസരബാലരോമപടലീ-
നിർദ്ധൂയമാനാംബുദം
കാണായീ കപിസാർവ്വഭൌമമുടനേ
മദ്ധ്യാഹ്നകാലത്തെഴും
ഭാനോരൂഷ്മകെടുത്ത തീവ്രമഹസാ
സന്ദീപിതാശാന്തരം."

"ഊറ്റക്കേറും ഭീമസേനൻ പുനരതിൽ നടുവേ
ചാടിവീണാത്തനാദം
വായ്ക്കും സൌഗന്ധികശ്രേണികൾ വടിവൊടറു-
ത്തോരുനേരം ഗദാവാൻ
കേൾക്കായീ ഘോരഘോരം നവജലദഘടാ-
നാദപൂരം നടുക്കം
വാക്ക്യാടോപങ്ങൾ വാപീഭരണവിധിവള-
ർക്കുന്ന രക്ഷോഭടാനാം."

ഇത്യാദി പദ്യങ്ങളിൽ പ്രത്യേകമായും സ്ഫുരിക്കുന്ന ഈ ഗ്രന്ഥകാരന്റെ കവനകലാകുശലത ആരെയും ആനന്ദപരവശന്മാരാക്കുന്നതിനു പര്യാപ്തമാണെന്നു പറയേണ്ടതില്ലല്ലോ.

കുന്നത്തൂർ താലൂക്കിൽ ശ്രീമാൻ ചെറുപൊയ്ക വാസുദേവ ഭട്ടതിരിയുടെ പക്കൽനിന്നു കിട്ടിയ ഒരു താളിയോലഗ്രന്ഥം മാത്രമാണു് ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിൽ എനിക്കു അവലംബമായിത്തീർന്നിട്ടുള്ളതു്. പറയത്തക്ക സ്ഖലിതങ്ങൾ അധികമൊന്നും ആ ഗ്രന്ഥത്തിൽ കാണുകയുണ്ടായിട്ടില്ല.

തിരുവനന്തപുരം,
൯-൧൦-൨൮.

എസ്. പരമേശ്വരയ്യർ.

കല്യാണസൌഗന്ധികം

ഭാഷാചമ്പു.

പ. ചേതോജന്മാഭിരാമം തെളിവിനൊടക്കമേ
കണ്ടനേരം ഭവന്തം
മീതേ മീതേ വളർന്നു മമ മനസി സഖേ!
പാരമാമോദഭാരം;
പ്രീതാവീടുന്ന സൌഗന്ധികമനിലസുതൻ
കൊണ്ടുവന്നാത്മമൌലൌ
ചാതുര്യം ചേർത്തണിഞ്ഞോരളവു നിറമെഴും
ദ്രൌപദിക്കെന്നപോലെ. (൧)

ശ്രീമാൻ പാശുപതാസ്ത്രമിന്ദ്രതനയൻ
കൈക്കൊണ്ടു കാമാരിയോ-
ടാമോദേന മഹേന്ദ്രലോകമുടനേ
സംപ്രാപ്യ മേവുംവിധൌ
വാമാക്ഷ്യാ സഹ ഭൂമിതന്നിൽ മരുവും
പാണ്ഡൂൽഭവാ നാൽവരും
പാർമീണ്ടീടിന ഗന്ധമാദനമഹാ-
ശൈലേന്ദ്രമാപേദിരേ. (൨)

അമേയമഹിമാത്ഭുതൈസ്സകലലോകനേത്രോത്സവം
സമേത്യ കുരുപുംഗവാ ധരണിമണ്ഡലീമണ്ഡനം
അശേഷവസുധാധരപ്രഥമമാപ്തകൌതൂഹലാ-
സ്സമാരുരുഹുരാശു തം തദനു ഭാസുരം ഭൂധരം. (൩)

സിംഹാരാവഭയങ്കരം ക്വചിദഹോ; കുത്രാപി ദന്താവള-
വ്യൂഹാനാം കടുബൃംഹണങ്ങളൊരിടത്തംഭോമുചാം ഗർജ്ജിതം;
നാഗാനാമുരുകന്ദരസ്ഥിതിജുഷാമേകത്ര ഫുല്ലാകുലം;
മാഹാത്മ്യം വരഗന്ധമാദനഗിരേരെൻതോഴ! ചൊല്ലാവതോ? (൪)

C. K. SANKARA GRANTHASALA VENGANOOR

G. P. T. 2850. 4000. 9-2-1118.

മാഴ്കീടാതെ കിരാതസൈന്യമൃഗയാ-
കേളീഷു വായ്ക്കും ധനു-
ർജ്ജ്യാഘോഷാവലി കുത്രചിത്; ക്വചിദഹോ
ഭൃംഗാളി ഝംഗാരവം;
കൂകീടും കുയിൽനാദമൻപൊടൊരിട-
ത്തന്യത്ര കേകാരവം;
മാഹാത്മ്യം വരഗന്ധമാദനഗിരേ-
രെൻതോഴ! ചൊല്ലാവതോ? (൨)

ഏകത്രാമരസുന്ദരീപരിലസൽ-
സംഗീതകോലാഹലം;
വാർകോലും മധുപാനഘോഷമൊരിട,-
ത്തന്യത്ര ഡോളാരവം;
ഏകാന്തേ കുഹചിന്മനോജ്ഞതരുണീ-
കാന്തൗഘകാമോത്സവം
മാഹാത്മ്യം വരഗന്ധമാദനഗിരേ-
രെൻതോഴ! ചൊല്ലാവതോ? (൩)

൩. ഹര ഹര! ശിവ ശിവ! പറവതിനെളുതോ
ധാത്രീമാതിന ചാർത്തീടുന്നൊരു
നിരുപമകേളീഭൂഷണമാമ-
പ്പർവ്വതരാജൻതങ്കലിണങ്ങിന
മാഹാത്മ്യോദയമഖിലം പാർത്താൽ?
അംബരചാരികൾ വഴിനടമാടി
നിരന്തരഭോഗമായനുവളർന്നതാ-
മംഗികലന്നൊരു ശൃംഗസമൂഹം-
കൊണ്ടു ദിവാനിശമംബരതടിനീ-
കല്ലോലങ്ങളിലാറാടുന്നോ-
രൗന്നത്യം കൊണ്ടതിമഹനീയം.
സുന്ദരഭാവം കൊണ്ടു പുരന്ദര-
നന്ദനവനമൊടു പട പൊരുവാനാ-
യെന്നകണക്കേ കൊടിയതിമിർപ്പോ-
ടൊരുമകലർന്നടനഹമഹമികയാ

മിതേ മീതേ ചാരു വളൎന്നട-
നംബരസീമനി നിലകൊണ്ടീടും
പെരുകിന നാനാതരുവരപംക്ത്യാ
ഘനതരമായൊരു ദിനകരകിരണ-
മൊരുനാളും കണികണ്ടീടാതൊരു
വിപിനസമൃദ്ധ്യാ പരിചിനൊടെങ്ങും പരിലസിതാത്മാ
നാലാമനായനവീനസരോരുഹ-
മലരിനകത്തു നിറഞ്ഞു വഴിഞ്ഞതി-
മധുരം പെയ്യും മധുരസലഹരീ-
പരിമളമാമപ്പരമശിവൻതൻ-
പാദസരോജേ ഭക്ത്യാ വീണു
നമസ്കൃതികോലും പ്രവരമുനീനാം
വിവിധസ്തോത്രമഹാജപഘോഷം കുഹചന ഭാഗേ
തുഹിനമഹീധരസുകൃതസുരദ്രുമ-
മഴകൊടു പൂത്തു വിരിഞ്ഞു മൂത്ത
മധുദ്രവലഹരീപരിമളപൂരം
ത്രിജഗതി നീളെ ക്കോരിത്തേക,
നിരന്തരശോഭകലൎന്നിയലുന്ന
നവീനമലക്കല മന്മഥവീര-
ശിഖാമണി വിരവൊടു ഭുവനമശേഷം
വിരുത്തുവിളിച്ചു ജയിച്ചു നിതാന്തം
കൊടിമരമുകളിൽത്തെളിവൊടു തൂക്കി
വിളങ്ങീടുന്നൊരു വിജയപതാകാ
കനകവിശാലത കൈക്കൊണ്ടധിക-
വിസ്തൃതികലൎന്നു പരന്നീടുന്ന
ചിദംബരസീമനി പുഷ്ടശ്രീയൊടു
മട്ടപ്പാകിവിലാസമുലാവിന
ശാരദപൂൎണ്ണശശാങ്കനിലാവിൽ
മഹേശപരവല്ലഭ വായിച്ചഴകൊടു
കൊഞ്ചിവളൎന്ന വിപഞ്ചീനാദ-
സുധാജലരാശിയിൽ വീണുമറിഞ്ഞൊരു
പരമാനന്ദതരംഗപരമ്പര-
തങ്ങിലെടുത്തതിവേലം മരുവിന

സുരമുനിദാനവകിന്നരചാരണ-
പന്നഗഖഗമൃഗതടിനീവൃക്ഷ-
ലതാദികളെല്ലാം കഥചന ഭാഗേ.
രാവണനായൊരവഗ്രഹചൂട്ട
പൊറുക്കരുതാഞ്ഞിട്ടധികം മാഴ്കി-
മയങ്ങും ത്രിഭുവനവാസികൾ താപം
നിജഭുജവിക്രമനവജലധാരകൾ
പെയ്തു കെടുത്തുടനുലകിടമെങ്ങും
പെരുകിന പരമാനന്ദത്തണൽപ്പു
പിടിപ്പിച്ചരുളിന കാളപയോദം
കരുണാനാലയം ദശരഥതനയം
പകലിരവെല്ലാമകമലർ തന്നിൽ-
ക്കുടിപൂവിച്ചു തദീയം നാമം
പേർത്തും വിലസിന ഹനുമദ്വാസം കഥചന ഭാഗേ
യക്ഷവധൂഭിരനുക്ഷണമേറിന
സൌഖ്യം കൈക്കൊണ്ടളകാനായക-
നിളകീടുന്നൊരു സന്തോഷാർണ്ണവ-
വീചീനിരയിൽ മറിഞ്ഞു മറിഞ്ഞു
കളിച്ചീടും ചില കളികളിലുതിരും
കളകളഘോഷം കഥചന ഭാഗേ.
പരിചിൽ വിരിഞ്ഞതിസൌഗന്ധം പൈ-
യ്തുരപൊങ്ങീടുന്ന സൌഗന്ധികനറു-
മലർനിരതന്നിൽ നിറഞ്ഞു വഴിഞ്ഞ
മധൂളികുടിച്ചു പുളച്ചീടും ചില
ജലചരപക്ഷിനിനാദം കൊണ്ടു
മനോഹരമായൊരു വൈശ്രവണൻതൻ
പൊയ്ക്ക നിതാന്തം പരിപാലിച്ചും
മാററാരില്ലാഞ്ഞുററം പെരുകിന
ഭുജകണ്ഡൂതിപൊറുക്കരുതാഞ്ഞതി-
നിഷ്ഠുരമുഷ്ടിപ്രഹൃതികൾകൊണ്ടു
കരിങ്കല്ലുകളെ നുറുംപൊടിയാക്കിയു-
മോടിച്ചാടിത്തമ്മിൽത്തന്നേ
മൽപ്പിടിയിട്ടും കെല്പോടു മരുവും
ക്രോധവശാഖ്യനിശാചരവൃന്ദം കഥചന ഭാഗേ.

നിർജ്ജരതടിനീചിത്രിതമൊരിടം;
ഗർജ്ജിതജലധരസംകുലമൊരിടം;
വിദ്രുമവല്ലീസുലളിതമൊരിടം;
ഭദ്രസുരദ്രുമഭൂഷിതമൊരിടം;
യക്ഷവധൂജനനൃത്തം ക്വചന;
മത്തമതംഗജയാനം ക്വചന;
ഹരിണീനയനവിലാസം ക്വചന;
കരിണീരമണാന്വേഷം ക്വചന;
ഹരഹര! ശിവശിവ! നാരായണ ജയ;
നാരായണ ജയ വാഴ്ത്താവല്ലിത്തു
പാക്കുംതോറും നിരവധിമഹിമാ-
മുലകിതിൽ നിതരാമചലവരോഽയം വചനവിദൂരേ. (൬)

പ. ഇത്ഥം താവിന ഗന്ധമാദനമഹാ-
ശൈലേ ധരാഭൂഷണേ
വധ്വാ പാവനശീലയാ പരിചെഴും
മോദേന തേ പാണ്ഡവാഃ
നിത്യം പൂമരപാളി പൂത്തുവിരിയും
പുത്തൻമലർച്ചാർത്തിൽ വാർ-
മെത്തും തൂയമരന്ദസിക്തധരണൌ
മേവീ ബദര്യാശ്രമേ. (൭)

വാനോർനാട്ടിന്നു നാണം പരിചിനൊടു വരു-
ത്തീടുമേകാന്തസൌഖ്യേ
ചേർന്നേലും താപസാനാം നിവഹസുമഹിതേ
തത്ര പുണ്യാശ്രമാന്തേ
വാണീടും നാളിൽ നാനാഗുണഗണമിയലും
പാണ്ഡവാനാമകക്കാ-
മ്പാനന്ദാംഭോനിധൌ വീണിരവുപകലുമോ-
ളംകളിച്ചു വിശേഷാൽ. (൮)

കാലേ തസ്മിന്നിളന്തെന്നലിലിളകി മണം
പെയ്തൊരുന്നാളുപാന്തേ
മേളത്തിൽപ്പാഞ്ഞുവീഴും കിമപി കുസുമമാ-
ദായ മെല്ലേ സലീലം

നീലാംഭോജം തൊഴുന്നോരണിമിഴിമുനകൊ-
ണ്ടൊന്നു സമ്മാനയന്തീ
ചേലേന്തും ബാഹുവീര്യോദയമനിലസുതം
യാജ്ഞസേനാ ബഭാഷേ. (൯)

"വാരാളും വീരപുംസാം കുലമകുടമണേ!
കാന്ത! കാൺ വായുസൂനോ!
നേരേ വന്നിന്നഗാഗ്രാലിവിടെ നിപതിതം
മാല്യമേതും മനോജ്ഞം,
പാരിൽക്കണ്ടീല മററിത്തരമൊരു കുസുമം
ചിത്രമായി ത്രിലോകീ-
സാരം തന്നേ നിനച്ചീടുകിലിതു, പറയാ-;
വല്ലിതിൻ കാന്തിപൂരം. (൧൦)

സൌരഭ്യോന്മേഷമെന്തേ പറവതു? നിതരാ-
മേതദാശാകദംബം
ദൂരേദൂരേ പരക്കും ബഹളപരിമളാ-
ദ്വൈതമായ്ത്തീൎന്നുകൂടി
പാരം പാരം വരുന്നൂ കുതുകഭരമതിൽ-
ക്കൂട്ടിനും കൊണ്ടുപോന്നു-
ങ്ങാത്രുദ്ധാമോദമായ്യാ! മമ മുടിയിലണി-
ഞ്ഞീടുവാൻ വിക്രമാബ്ധേ!" (൧൧)

ഇതി മധുരമുണർത്തീടുന്ന പാഞ്ചാലപുത്രീ-
മതുലഭുജബലോഷ്മാ ഭീമസേനോ ബഭാഷേ
"ഇതമൊട്ടു തരസാ ഞാൻ നന്ദനം തന്നിൽനിന്നും
മതുമലരിതു കാന്തേ! കൊണ്ടുവന്നുണ്ടശങ്കം" (൧൨)

കന്നൽനേർമിഴികൾമൌലിരത്നകലികാം ദ്രുതം ദ്രുപദകന്യകാ-
മന്നിവണ്ണമഴകോടുദീര്യ ബലവീര്യശാലി പവനാത്മജൻ
വണ്ണമൊത്ത ഗദയുംധരിച്ചിനിയ വാരണേന്ദ്രഗതിചാതുരീം
വെന്ന യാത്രയിൽ മനം കവൎന്നു പരിനിർജ്ജഗാമ പരമാശ്രമാൽ.

കണ്ടുകണ്ടു മൃഗസഞ്ചയങ്ങളുയിർകൊണ്ടുകൊണ്ടുമവനീരുഹാം
മണ്ഡലങ്ങൾ പല തുണ്ടമിട്ടുമിരുപാട്ടുമാശു ഗദകൊണ്ടുടൻ

ഇണ്ടൽ ചേർത്തരിയ കേസരിക്കുമുരുവിക്രമേണ പദവിക്രമേ
കണ്ടകങ്ങൾ പൊടിയാക്കിയും വിരവൊട്ടുച്ചചാല കുരുപുംഗവൻ.

വ്യാഘ്രകേസരിവരാഹവൃന്ദമൊരുകാൽക്ഷണേന ഗദയാ മദം ,
പോക്കിയന്തകപുരത്തിനൻപൊടു വിരുന്നയച്ചിതു വൃകോദരൻ.
ഊക്കുകണ്ടിഹ തദീയമോടിയൊരുവാനരൌഘവുമൊളിച്ചുപോയ്
വാഴ്ക്കുമുന്നതമഹീരുഹാഗ്രവിടപാവലീഷു നിഭൃതം തദാ. (൧൫)

ഏണസംഹതികളൻപിലോടിയൊരുകോണിലായിതു തദാ ഭയാൽ
ചേണുലാവിനൊരു കേകിപാളികൾ മരംകരേറി ഹൃതതാണ്ഡവം.

... ...

... ...

ക്രൂട്ടമിട്ടരിയ കാട്ടുപോത്തുകളുമോട്ടമിട്ടിതു മഹാവനേ
വാട്ടമററ ഭുജവീര്യശാലിയെ വിലോക്യ മാരുതതനൂഭവം.
വേട്ടയാടിന കിരാതവൃന്ദവുമരക്ഷണം ഝടിതി നിന്നുപോയ
പാട്ടുമൻപൊടുവെടിഞ്ഞു വിസ്മയമിയന്നതീവ ഹൃദയാംബുജേ.

ഇത്ഥം കാന്താരദേശം ഝടിതി പൊടിപെട്ടു-
ത്താനപോലേ മദംപൂ-
ണ്ടത്യാനന്ദം പൊഴിഞ്ഞും നറുമലർ നിതരാ-
മങ്ങുമിങ്ങും തിരഞ്ഞും
ഗത്വാസൌ ഭീമസേനൻ കപികുലപെരുമാ-
ളായ വാതാത്മജൻ തൻ-
നിത്യാവാസേന കീർത്ത്യാ വിലസിന കദളീ-
കാനനാന്തം പ്രപേദേ. (൧൬)

ചിന്തീടും പ്രഭകൊണ്ടേററം ബന്ധുരം കദളീവനം
കുന്തീപുത്രനസൌ ദൃഷ്ട്വാ ചിന്തിച്ചു പുനരിങ്ങനെ. (൧൭)

അഹോ വിധാതുഃ കരകൌശലാനാം
കാന്താരനിർമ്മാണവിധൌ വനാന്തഃ
കസ്യായമേവാതിമനോഹരസ്യ
പ്രസൂനരത്നസ്യ കിമാകരഃ സ്യാത്? (൨൦)

കല്യാത്മാവേവമോർത്തും കരളിലഥ തുലോം
പാർത്തുമക്കാനനാഭാം
മെല്ലേ മെല്ലേ നടന്നോരളവരിയ ഗദാ-
ധാരിയാം ഭീമസേനൻ

ഉല്ലാസീ രാമചന്ദ്രന്നരിയൊരു സുമഹാ-
ദൂതനാം ശ്രീഹനൂമാൻ
വല്ലാതോരംഗമുൾക്കൊണ്ടവിടെ വഴിതടു-
ത്താസ്ഥിതസ്ഥൈര്യശാലീ. (൨൧)
അന്നേരം തത്ര മാർഗ്ഗാന്തരഭുവി മരുവും
വാരെഴും വാനരേന്ദ്രം
ചെന്നങ്ങാട്ടീ പയോദധ്വനി കഴൽപണിയും
നാദവാൻ പാണ്ഡുജന്മാ;
ഒന്നും കൊള്ളാഞ്ഞതിന്നക്കുരുകുലപെരുമാ-
ളൻപിലേവം ബഭാഷേ
മിന്നും ത്രൈലോക്യവീരാന്വയമണിമകുടീ-
മഞ്ജനാപുണ്യപുഞ്ജം. (൨൨)
“ധൃഷ്ടാത്മൻ! വാനരാ! നീ ഝടിതി വഴിതിരി-
ഞ്ഞീടു, കല്ലായ്കിലിപ്പോൾ
പട്ടാങ്ങേ ചൊല്ലുവൻ ഞാൻ— കരുണ മമ നരു-
ങ്ങില്ല പാപേഷു പാർത്താൽ-
ചട്ടററീടുന്ന വൈരാകരനികരശിരോ-
ഭംഗദാമിഗ്ഗദാം മേ
ദൃഷ്ട്വാ കണ്ടീലയോ നീ? തൊഴിലിതു തരമ-
ല്ലേതുമേ താവകീനം. (൨൩)
ചാകാതേ കണ്ടിരിപ്പാനകമലരിൽ നിന-
ക്കൊട്ടുനാളേതിനും കേ-
ളാകാംക്ഷാ ലേശമുണ്ടായ്‌വരികിൽ വഴിയിൽനി-
ന്നങ്ങു പൊയ്ക്കൊൾക നല്ലൂ;
പോകായ്കുന്നാകിൽ മാർഗ്ഗാൽ വിരവൊടു ഗദയാ
തച്ചിട്ടുത്താശു വല്ലീ-
ശാഖാഗ്രേ തൂക്കിയും വച്ചുഴകൊടു നടകൊ-
ണ്ടീടുമിബ്ഭീമസേനൻ.” (൨൪)
രാമസ്യ ദൂതമതിമാനുഷബാഹുവീര്യം
സാമാന്യവാനരമിതെന്നു നിനച്ചിവണ്ണം
ഭീമൻ പറഞ്ഞളവു കണ്ണുതുറന്നു പശ്യ-
ന്നാമന്ദമൻപിനൊടുവാച ഗിരം ഹനൂമാൻ. (൨൫)
“ആപന്നാനാം ജനാനാമവനവിധി നൃണാം

ച്ചാപാളിക്കന്നിതേററം കരുണയുമറിവും
പൂണ്ടുടൻ മാനഷേന്ദ്രാഃ
ശാപം വൃദ്ധനായുള്ള ഗതിയൊടു ഭവാ-
നെന്നോടെന്തേവമെല്ലാം
കോപംകൈക്കൊണ്ടു സംഭാഷണകലവി വള-
ർക്കുന്നതുദ്ധാഭിമാനം? (൨൬)

വിണ്ടാർപാളീവധംചേർത്തരിയ വരഗദാം
താവകീമെന്തറിഞ്ഞേൻ?
കണ്ടാലും കണ്ടുകൂടാ, വിരവൊടു തിരിയാ
മാമകം നേത്രമേതും,
കണ്ടീലേ നീ മദംഗം പെരുകിന ജരയാ
ജർജ്ജരീഭൂതമിപ്പോ-
ളുണ്ടോ കൈകാലിളക്കാവതു മമ? വഴി നീ-
ങ്ങുന്നതോ പിന്നെയല്ലോ." (൨൭)

"തിക്കാരം നന്നു! നന്നല്ലരിയ കുരുവര-
ന്നോടു; ചൊൽക്കൊള്ളുമോരോ
രക്ഷഃശ്രേണ്യാ കൃതാന്തം വടിവിനോടു വിരു-
ന്നൂട്ടുമുദ്യോഗയോഗാൽ
ചൊൽക്കൊള്ളും ഭീമസേനൻ; പുനരവനിവനെ-
ന്നില്ല, നിന്ദാലവംകേ-
ളുടംക്കാമ്പിൽത്തോടുമാകിൽ, ഝടിതി തലതെറി-
ച്ചീടുമക്ഷാമധാമാ." (൨൮)

"തോട്ടുന്നു*കപിയോടിതെന്തിനു ബലാൽ;
മററുണ്ടനേകം വനേ
പാട്ടുംപാടി നടന്നുകൊൾവതിനെടോ
കൌരവ്യ! മാർഗ്ഗാന്തരം
കേട്ടാലത്ര വിനോദമാം, തവ ഭുജാ-
ശൌര്യ്യം വളർത്തീടുവാൻ
കാട്ടിൽക്കണ്ടൊരു വൃദ്ധവാനരമെടോ
നന്നൻപിലാളായതും!" (൨൯)

"വല്ലാതെ വന്ന വഴിയിന്നു തിരിഞ്ഞുപോമാ-
റില്ലാരുമേ കുരുകലോത്ഭവമന്നവന്മാർ;

മുമ്പിൽത്തിരിഞ്ഞവഴിയേ നടകൊള്ളുമത്രേ
കമ്പിച്ചെഴുന്നുവരുമുഗ്രനദീപ്രവാഹം." (൧൦)

"മുമ്പേ നടന്നവഴിവച്ചു നടക്കമാറി-
ല്ലമ്പോടിതെന്നു നിയമം പെരുതെങ്കിൽ വീരാ
എന്തേ ഭവാനവനമാർഗ്ഗമുപേക്ഷ്യ രാജ്യ-
സന്താപമാന്നു വനമാർഗ്ഗമുപാശ്രിതോഽഭൂത്"? (൧൧)

"രേ! രേ! വാനരകീട! സാമ്പ്രതമസൌ
ഭൂയോഽപി ഭൂയോഽപി നീ
നേരേ കാലപുരത്തിനോടൊരു മഹാ-
യാത്രാം മുതിർന്നീടിനാൻ
വീരാഗ്രേസരനോടു ഭീമനൊടൊരോ-
ന്നേറ്റം പറഞ്ഞീടുകിൽ-
ക്കാര്യം ചെറുതുകടത്തിവയ്ക്കുമധുനാ
കില്ലില്ലതിന്നേതുമേ." (൧൨)

"ഹി! ഹി! വിനോദമിതു പാണ്ഡവ! ശൌര്യശാലിൻ;
ശാഖാമൃഗസ്യ നിധനേ മതിപോലുമിന്നി
വൈകേണ്ടതില്ല പുനരേതുമതെന്നിതെങ്കിൽ
ശ്ലാഘാ തവാസ്തു വിരവോടതുകൊണ്ടിദാനീം." (൧൩)

"ദുഷ്ടന്മാരെയടക്കുകെന്നു വിഹിതം
കൊന്നിട്ടുമുർവ്വീഭൃതാം;
നഷ്ടാശങ്കമതിന്നു കിഞ്ചനവരാ
കീർത്തിക്കു വാട്ടം കപേ!
ദിഷ്ട്യാ ബാലിയെയല്ലയോ രഘുവരൻ
വെന്നു പുരാ കാനനേ,
പെട്ടന്നങ്ങതുകൊണ്ടു രാമനു തുലോം
ദുഷ്കീർത്തിയുണ്ടായിതോ."? (൧൪)

ദുഷ്ടനെങ്കിൽ വധം യോഗ്യം ശിഷ്ടരായ മഹീഭുജാം;
നഷ്ടപാപമൊരാരണ്യം കെട്ടിക്കൊല്ലുക യോഗ്യമോ?" (൧൫)

"തരം വരാ കേളിതു വല്ലവർക്കും
പരം പിണങ്ങീടുകിൽ മാനഭാജാം;
പുരാരിനേത്രാഗ്നിയിൽ വെന്തുപോയി
പുരാ സരോജായുധനും വിരോധാൽ. (൧൬)

"പരാക്രമാബ്ധേ! കൊലചെയ്ക യോഗ്യം
വിരോധമേററാലഭിമാനഭാജാം;
ജരാപിശാചീപരിഭ്രൂതനിഞ്ഞാൻ
വിരോധിയല്ലേ തവ പാണ്ഡുസൂനോ!" (൩൭)

"ഇതി കൃപണഗിരാ തേ പോകയില്ലിന്നിയെല്ലാ-
മിതമൊട്ടു വഴിനീങ്ങീടേണമല്ലായ്കിലിപ്പോൾ
വടിവൊടു ലതയാ കേൾ നിന്നെ ബദ്ധ്വാ ദുരാത്മൻ!
ഝടിതി കഴുകരേററിപ്പോയിടും പാണ്ഡുജന്മാ.!" (൩൮)

"ലതാഭിരാബദ്ധ്യ വശംകെടുക്കാ-
യ്കദാരബുദ്ധേ! ശരണാഗതോ ഞാൻ
മദീയബാലം ഗദകൊണ്ടു നീക്കീ-
ട്ടദീനധാമൻ! വ്രജ നീ യഥേഷ്ടം." (൩൯)

രക്ഷോനികേതം ദഹനായ ദത്വാ
വിഖ്യാതിമന്തം കപിബാലദണ്ഡം
സ്പൃഷ്ട്വാ ഗദാഗ്രേണ സനഷ്ടകമ്പം
ദൃഷ്ട്വാഥ ജഗ്രാഹ രുഷൈവ ദോഷ്ണാ. (൪൦)

ഗ. തദനു കുരുകുലാവതംസം തദാ വിശപവിശേഷഭാജാം മനോഗവ്സവ്ങ്കഷോച്ചണ്ഡദോർദ്ദണ്ഡശാലീ നിതാന്തം മദാന്ധ്യം പൊഴിഞ്ഞാശു നിശ്ശേഷനക്തംചരാഖ്യമ്മഹാകാളരാത്രിക്കുടൻ നൂതനാദിത്യനായ്, മൈഥിലീദേവിയാം രാജഹംസിക്കു കേളീശരൽക്കാലമായ്, ചാരുലങ്കാപുരീകാനനത്തിന്നു ദാവാനലശ്രേണിയായ്, രാമചന്ദ്രന്മനോബർഹി തേടീടുമാനന്ദനൃത്തത്തിനാരാമൂർത്തിക്കൊണ്ടെഴും നീലജീമൂതമായപ്രമേയാനുഭാവോദയശ്രീതഴച്ചീടുമാശ്രീഹനൂമാനെ നേരേ നിജം കൈത്തലംകൊണ്ടെടുക്കത്തൊന്നയത്നേന തൂക്കിപ്പിടിച്ചൊന്നു പാർക്കും ചുഴററിപ്പുരത്തോരുശൈലാഗ്രശൃംഗേഷു വീണൊക്കെ ദേഹം നുറുങ്ങിപ്പൊടുഞ്ഞീടുമാറങ്ങെറിഞ്ഞുംകളഞ്ഞങ്ങു പോയീടുവാനായ് മനക്കാമ്പിൽ നിശ്ചിത്യ മെല്ലെ നിലത്തോടുപറിപ്പതിഞ്ഞൊന്നു വേഗേന ലാംഗൂലദണ്ഡം പിടിച്ചോരുനേരത്തു ഭീമസേനന്നു വന്നല്ലലെന്തോഴ! ചൊല്ലാവതോ? (൨)

ഗ. ശിവ! ശിവ! ശിവ! പാണ്ഡവൻതന്നുടെ ഘോരബാഹ്വഗ്രഭാഗേ പുകൾക്കൊണ്ടു മിന്നും ഗദാസാരവും വീണുപോയ ഭൂതലേ, പാരമാലസ്യമായ് നെററിമേൽ ചെററുടൻ ഘർമ്മബിന്ദുക്കളും മുററിപ്പോന്നഞ്ജസാ; ദേഹമെല്ലാം തദാ വേപഥൌ മഗ്നമായീക്ഷണം കാൽക്ഷണം കാഴ്ചയില്ലാതെയായ്; ശൌര്യസാരത്തിന്നും വേഴ്ച വേരററുപോയ്; മാനശൃംഗം മുറിഞ്ഞക്ഷണം വീണുപോയ്; അത്രയല്ലമ്പിനോടോർത്തു കാണുംവിധൌ വിച്ഛയത്രേ ഇലോം വിശ്വമെങ്ങും ജയംകൊണ്ടു വെല്ലുംഹിഡിംബാദി വിഖ്യാതരക്ഷോവരന്മാരെ മുഷ്ക്കോടുവെന്നേററമേററം വളർന്നോച്ഛകൊണ്ടീട്ടമപ്രാണസാരം ക്ഷണാൽ മേലിലിന്നും മഹാരാക്ഷസന്മാരൊടായെത്തി വാർകൊണ്ടെഴുന്നോരു സംഗ്രാമകേളീവിനോദാന്തരെ വന്നുകൊള്ളാമിതെന്നമ്പിലെങ്ങാനുമുൾക്കമ്പമുൾക്കൊണ്ടഹോ യാത്രകൊണ്ടു തദാ. (൪൰)

പ. ഇത്ഥം ലാംഗൂലദണ്ഡഗ്രഹണവിവശതാം
പൂണ്ടുടൻ പാണ്ഡവോ/യം
ത്യക്ത്വാ ചിത്താഭിമാനം മുഴുവനതിവിവേ-
കാകുലാത്മാ തദാനീം
നത്വാ ചോദിച്ചിതാരെന്നിതമൊടു ശരണം
പ്രാപ്യ നിന്നോരുനേരം
മെത്തും പ്രേമാംബുരാശൌ തിരകളിളകും
വാചമൂചേ ഹനുമാൻ. (൪൧)

“വാട്ടംതട്ടാത്ത ദോർവിക്രമസലിലനിധേ
ഞാനുമീ വീര! നീയും
കേട്ടീടുംപോഴിദാനീമിരുവരുമിതു ര-
ണ്ടല്ല മംഗല്യസിന്ധോ?
നാട്ടാരെല്ലാർക്കുമെല്ലായ്പൊഴുമുരപെരുകും
പ്രാണനാം വായുപുത്രൻ
ജ്യേഷ്ഠൻ ഞാനഞ്ജനായാസ്തനയനവരജൻ
വത്സ! കൌന്തേയനിന്നീ. (൪൨)

വാരമ്പും വാരിരാശിക്കനുപമപരമാ-
നന്ദവായ്പിന്നു മെത്തും
കാരുണ്യാംഭോധിവീചിക്കിളിവനപടലീ-
കാട്ടുതീക്കൻപിലിഞ്ഞാൻ

നേരേ ശ്രീരാമചന്ദ്രന്നുലകിലുരപെറും
　　ദൂതനായ്ച്ചെന്നു മുന്നം
പാരാവാരം കടന്നജ്ജനകനൃപസുതാം
　　കണ്ടതും കേളിയുണ്ടോ?" (൪൩)

എന്നീവണ്ണം ഹനൂമാൻ കളവചനസുധാം
　　കോരിയൂക്കും ദശായാ-
മന്യൂനാമോദസിന്ധൌ പലവുരു മുഴുകി-
　　പ്പൊങ്ങുമാത്മാംബുജന്മാ
മന്നോർവീരാഗ്രഗാമീ ബഹുമതിയൊടു തം
　　ജ്യേഷ്ഠനാം വാനരേന്ദ്രം
തന്നേ തന്നേ വണങ്ങിപ്പെരുകിന വിനയാം
　　ഭാരതീമാബഭാഷേ. (൪൪)

"എന്നേ മത്ഭാഗ്യമേ! മാമകസുകൃതമഹാ-
　　ശാഖി കാച്ചൂ; കരുണാം
ധന്യൻ ഞാനായ്ച്ചമഞ്ഞു കപിതിലക! ഭവൽ-
　　സംഗമം കൊണ്ടിദാനീം
പുണ്യാത്മാ! വാനരാണാം പരിഷയിലൊരുവൻ
　　നീചനെന്നോർത്തു തണ്ണെ
നിന്ദാം കൈക്കൊണ്ടു ചൊന്നേ,നതു പുനരഖിലം
　　ക്ഷമ്യതാമഗ്രജന്മൻ! (൪൫)

കാരോരോ രാക്ഷസാളീവനമരുതിപെടു-
　　ത്തീടുമാരണ്യവഹ്നേ!
പാരീരേഴും പരന്നീടിന വിമലയശ-
　　ശ്ചന്ദ്രികാശീതഭാനോ!
വാരാളും വാരിരാശിം വിരവൊടു തരണം
　　ചെയ്ത രൂപം ത്വദീയം
നേരേ കണ്ടീടുവാനുണ്ടുരുതരകുതുകം
　　മാനസേ മാമകീനേ." (൪൬)

ഇത്ഥം പ്രാർത്ഥിച്ച പാണ്ഡുത്ഭവനതികുതുകം-
　　പൂണ്ടു നിൽക്കും ദശായാം
അദ്രീന്ദ്രാകാരമേന്തീടിന തനുലത ക-
　　യ്ക്കൊണ്ടു വേഗേന ഹനൂമാൻ

പത്താശാന്തം നിറഞ്ഞങ്ങുടലുടനധികം
ഭാനുമാർഗ്ഗത്തോളം ചെ-
ന്നെത്തീ തസ്യോത്തമാംഗം ശശികലപണിയും
ഘോരദംഷ്ട്രാങ്കുരാസ്യം. (൪൧)

വാനോർസിന്ധുതരംഗപാളിയിലെഴും
കാറേററു ചിന്നീടുമ-
ന്നാനാകേസരബാലരോമപടലീ-
നിർദ്ധൂയമാനാംബുദം.
കാണായീ കപിസാർവ്വഭൌമമുടനേ
മദ്ധ്യാഹ്നകാലത്തെഴും
ഭാനോരൂഷ്മ കെടുത്ത തീവ്രമഹസാ
സന്ദീപിതാശാന്തരം. (൪൨)

ത്രിഭുവനഭയദം നിരീക്ഷ്യ രൂപം
പവനസുതസ്യ ധരാധരേന്ദ്രതുല്യം
ഭയവിവശതയാ നിമീലിതാക്ഷഃ
കഥമപി പാണ്ഡുസുതഃ പുരോവതസ്ഥേ. (൪൩)

തദനു ഭുവനഘോരം സംഹരിച്ചാത്മരൂപം
പദവിയുമുടനകതാർ പൂഷ്പലാഭായ മേന്മേൽ
മുദിതമതി ഹനൂമാൻ പിന്നെയും പ്രേമവേശാൽ
മധുവൊഴുകിന വാചാ ഭീമസേനം ബഭാഷേ. (൪൪)

"മേതിന്മേൽ വീര്യവാനാമവനുമിവനുമ-
ങ്ങൻപിലോക്കും ദശായാം
സാധിക്കാമല്ല നീ തേടിന മതുമലർ: കൌബേ-
രവാപീകലാപം
ബാധിപ്പാനുണ്ടനേകം ബലമുടയ ചമൂ-
വൃന്ദമെന്നാലസൌ നീ
സാധിച്ചീടാജ്ഞയാ മേ വിരവൊടുരപെറും
പുഷ്പമുൽപന്നശൌര്യം. (൪൫)

ആശീർവ്വചോഭിരഭിനന്ദിതനായിവണ്ണം
നാശായ രാക്ഷസകുലസ്യ കരുപ്രവീരൻ
നീമെഴചരണങ്ങടിപണിഞ്ഞിതമാൻലാവും
വാചാ കപീന്ദ്രനൊടു ചൊല്ലി മുദാ നടന്നാൻ. (൪൬)

ഘോരാത്മാ പോയ്ക്കരേറീ ഗിരിമുകളിലനാ-
യാസ,മപ്പോൾ മധൂളീ-
ധാരാം പെയ്യുന്ന സൌഗന്ധികമലരണിയും
വാപിതൻ വീചിജാലാൽ
ഓരോരോ തീരവല്ലീനവമലരുമിള-
ക്കിക്കനം ഗന്ധവാഹീ
നേരേ പോന്നാഗമിച്ചു തനയനു വഴികാ-
ട്ടീടുവാനെന്നപോലെ. (൩൩)

ദണ്ഡകം — ചൊല്ലാവതോ ധനദകല്യാണവാപീതക-
മുല്ലാസപൂരമതിവേലം.
മുഴലവുമുപാന്തേ പരിലസിതകാന്തേ
സുരഭിമലർമധുരധുരികൾ ചൊരിയുമൊരുപരമസുഖ-
വിടപിനിര നിരവധി വനാന്തേ.
ഊനം വരാതെ മധുപാനങ്ങൾചെയ്തു പത-
ഗാനന്ദഗാനമനവേലം
ഉദിതമൊരുഭാഗേ; പുനരപരഭാഗേ
മുദിതസുരതരുണിജനമലർവിശിഖപടകളിക-
ളനുസമയമമിതസുഖയോഗേ
ശ്രീപാകിനോത്ഥ മണിസോപാനകൌശലമി-
താപാദിതം നയനചോരം
ശിവ ശിവ! പുകഴ്ത്തീടരുതരുതിതോർത്താൽ;
അഴകുടയ മണിമുകുരതലരുചിയുമടിപണിയു-
മമലതരസലിലമതു പാർത്താൽ.
ഉന്നിദ്രശോഭമതിൽ മിന്നും പ്രസൂനതതി
കണ്ണിന്നു പുണ്യപരിപാകം;
ഉരപെരിയ മേളം കലരുമൊരു നാളം
പലതരമിതതിലലളിതകനകനിറമതു കവരു-
മധികതരരുചിരദലജാലം.

പ. ഏവം ത്രൈലോക്യലക്ഷ്മീകളവിഹൃതിമഹാ
രംഗമാം പുഷ്കരിണ്യാം
താവും മോദേന പോയ്ച്ചെന്നനിലസുതമഹാ-
വീരനുല്ലാസശാലീ

മേവീ തൻ മാധുരീം പാത്തകതളിരിൽ വള-
ന്നീടുമാനന്ദനദ്ധ്യാ-
മാവോളോം മുങ്ങിമുങ്ങിച്ചെറുതു തിരകളി-
ച്ചും കുളിച്ചും മഹാത്മാ. (൫൪)

ഊക്കേറും ഭീമസേനൻ പുനരതിൽ നടുവേ
ചാടിവീണാത്തനാദം
വായ്ക്കും സൌഗന്ധികശ്രേണികൾ വടിവൊടറു-
ത്തോരുനേരം ഗദാവാൻ
കേൾക്കായീ ഘോരഘോരം നവജലദഘടാ-
നാദപൂരം നടുക്കും
വാക്യാടോപങ്ങൾ വാപീഭരണവിധി വള-
ർന്ന രക്ഷോഭടാനാം. (൫൫)

"കണ്ടുച്ചേദം വരുത്തീടുക നിശിതകൃപാ-
ണേന; ദോർദ്ദണ്ഡമൂലം
രണ്ടും തുണ്ടിക്ക; കുന്തങ്ങളെ വിരവൊടു പാ-
യിക്ക ദോരന്തരാളേ;
കുണ്ഡിൽച്ചാടിക്ക നേത്രദ്വയ,മപി ചരണം
ഹന്ത! ചക്രേണ രണ്ടും
രണ്ടായ്ക്കീറീടുകെത്തിപ്പുരിചൊടു പിടിപെ-
ട്ടാശു തം മത്ത്യകീടം." (൫൬)

ഉഗ്രാടോപാലിവണ്ണം പലവഴിയിലഴ-
ച്ചച്ചകൈരാത്തഗവ്വം
മുഷ്ടം കൈക്കൊണ്ടു വേഗാലഹമഹമികയാ
ഘോരരാത്രിഞ്ചരൌഘം
ഒക്കത്തക്കച്ചെഴുന്നു കടുകനലുമിഴ-
ക്കണ്ണുരണ്ടും മിഴിച്ചു-
ങ്ങഗ്രേ യുദ്ധായ ബദ്ധാഗ്രഹമരിയ് കുരു-
പ്പ്രൌഢമുഗ്രാപദാനം. (൫൭)

* ഉമിഴുക = വമിക്കുക,

അന്നേരം ശൌര്യഭാജാം വരമകുടതടോ-
ന്നിദ്രമാണിക്യരത്നം
മന്നോർവീരൻ പ്രകോപാൽ വഴിവിനൊടുടനെ-
ത്തീർത്തു വാപീതടാന്തേ
സന്നദ്ധാനാമരീണാം പടനടുവിലകം-
പുക്കു നേരേ മിഴിപ്പേ
കണ്ണേറ്റത്തൊരു വേണുപ്പൂരനടുവിൽ വള-
ർന്നോരു ദാവാഗ്നിപോലെ. (ഒവ്യ)

ചൊൽക്കൊണ്ടീടിന, ബാഹുവീര്യമിയലും
നക്തംചരശ്രേണികൊ-
ണ്ണൊക്കത്തക്ക വരുന്നതങ്ങു വടിവോ-
ടാലോക്യ വീരാഗ്രണി
ഉഗ്രാത്മാ പവമാനസൂനു തരസാ
സംഹാരരുദ്രോപമാം
കൈക്കൊണ്ടാശു രണംതുടന്നു സഖേ
വാചാ പുകഴ്ത്താവതോ! (ഒൻ)

ഗ. ശിവശിവശിവ! വിശ്വമെങ്ങും പുകൾക്കൊണ്ടുവാഴും ക്രൂരപ്രൌഢസന്താനമംഗല്യമൌലിക്കമഴ്ത്തീടുമച്ചിത്രമുക്താമണിക്കല്ലേ, ബദ്ധാവമാനം മനുഷ്യപ്പുഴച്ചാത്തിലൊന്നെന്നു കല്പിച്ചു നക്തംചരാണാം തദാ കോപി മുഷ്ടോട്ടുനേരേ വെറുംകൈയുമായ്ച്ചെന്നണഞ്ഞീടുമന്നേരമൊട്ടേറെ മിന്നുന്ന പാണ്ഡുത്ഭവൻതൻ ഗദാസാരഘോരപ്രഹാരങ്ങളേറേററു നിശ്ശേഷഗാത്രം കരിങ്കല്ലുപോലെ നുറുങ്ങിപ്പൊടിഞ്ഞും, ഗതായുക്കളായാശു വീഴുന്നതാലോക്യ പിന്നാലെ ചെല്ലുന്ന രക്ഷോഭടന്മാരൊട്ടും പാദപശ്രേണി വേരോടെക്കൂടെപ്പിരിച്ചഞ്ജസാ പത്രമൂരിപ്പിടിച്ചും, മഹാശൈലഗണ്ഡങ്ങളും വേഗാലടത്തങ്ങു പാടേ ധരിച്ചും ഗദാശൂലകുന്താസിശക്തീഷ്ടികപ്രാസനാനായുധൌഘങ്ങളെല്ലാം കരത്തോടു മുന്നേതിലും ചെററുറപ്പിച്ചുകുത്താരിലമ്പോടു ചേർത്തും, വളർന്നോരു കല്പാന്തകാലങ്ങളിൽ ചോന്നടിക്കുന്ന കാളാംബുവാഹച്ഛവിപ്രൌഢഘോഷം പഴിക്കുന്ന വാദങ്ങളും കൈക്കൊണ്ടു നേത്രങ്ങളും പാടേ മിഴിച്ചും, തഴച്ചോരുവേഗേന കുന്തീതനൂജാഖ്യശൌര്യാംബുരാശിക്കു ചുററും ചുഴന്നങ്ങണഞ്ഞീടിനാർ. (൪)

ഗ. കിമിഹ വചനവിസ്തരൈരുത്തരംഗോത്ഭടാട്ടോപമൂലം കൊണ്ടുമെത്തും പ്രമോദേന നാനായുധങ്ങളെക്കൊണ്ടുമദ്രീന്ദ്രശൃംഗങ്ങളെക്കൊണ്ടുമേററം വളന്നോരു വൃക്ഷങ്ങളെക്കൊണ്ടുമെതിക്കരെത്തൊട്ടുചുഴച്ചുഴന്നാവതെല്ലാം പ്രയോഗിക്കുമാപ്രൌഢരക്ഷോഭടന്മാരശേഷം, തദാനീം, ഉദാരോജ്ജ്വലാലാതചക്രൈകണക്കേ രിപൂണാം പടച്ചാത്തിൽ നീളെ പടുത്വാതിരേകാൽ പരിഭ്രാമ്യ, വേഗേന കല്പാന്തരുദ്രോപമാനം കുറിക്കൊണ്ടു മേന്മേൽ വിരിഞ്ചൻ നടുങ്ങേ പ്രപഞ്ചം കുലുങ്ങേ ദിനേശൻ മയങ്ങേ ദിഗന്തം മുഴങ്ങേ കൃതാരാവഘോരം വളന്നീടെഴും രംഹസാ പോരുതേടീടുമപ്പാണ്ഡവൻതൻഗദാപാതപ്രഹാരങ്ങളേററു കൈകാൽ ഞെരിഞ്ഞും ശരീരം പൊരിഞ്ഞും മഹാകണ്ഠകാണ്ഡങ്ങൾ വേഗാലടന്നും തലച്ചോറു പാടേ തകന്നും തകന്നും വളന്നോരു നാസാന്തരത്തൂടെ ചെഞ്ചോരിവെള്ളം കനക്കെച്ചൊരിഞ്ഞും കഠോരങ്ങളായുള്ള മുഷ്ടിപ്രഹാരേണ പെട്ടെന്നു പൊട്ടിപ്പിളക്കും വയററിന്നനേകാന്ത്രമാലാകലാപങ്ങൾ ചാടത്തുടന്നും കരാളങ്ങളായുള്ള ഹാഹാവിരാവങ്ങളെക്കൊണ്ടു ലോകത്രയത്തിന്നു പാരം നടുക്കം വളത്തങ്ങരസ്സാൽ ക്ഷണംകൊണ്ടു തിക്കിത്തിരക്കിത്തിമിർപ്പോട്ടുടൻ കൃതാന്താലയംപൂവതിന്നായ് മഹായാത്രകൊണ്ടീടിനാരാത്തഗർവ്വോദയം.

പ. ഇത്ഥം തൽക്കാവലാളാം നിശിചരപടലീം
സംഹരിച്ചെന്നു വേണ്ടാ
പുത്തൻ മാധ്വീമണം കോലിന നറുമലരാ-
നീയ വാനോർനളിന്യാഃ
മുഗ്ദ്ധാക്ഷ്യാ യാജ്ഞസേന്യാസ്സവിധമുപഗതോ
ഹന്ത തൽകൈശികാന്തേ
ചിത്രം ചേർത്തങ്ങണിഞ്ഞൂ ജഗതി വിരുതെഴും
വീര്യവാൻ പാണ്ഡുജന്മാ. (൩൦)

അന്നേരം പാണിപത്മേ നറുമലരതിനാൽ
മൂന്നുനാലാത്മകാന്തൻ-
തന്നോടേ വാങ്ങി മെല്ലേ നിജമുടിയിലുടൻ
വച്ചുകൊണ്ടാൾ സലീലം;

പിന്നെത്താനേറ്റെയെടുത്തങ്ങണിവദനമണ്-
ച്ചൻപിൽ മുന്നുരുവട്ടം
തന്നേ തന്നേ മുകന്നാൻ നരവരമഹിഷീ
വാരെഴും പ്രീതിയോഗാൽ. (സ്രഗ്ധ.)

കല്യാണസൌഗന്ധികം ഭാഷാചമ്പു
സമാപ്തം.

ശുഭം ഭൂയാൽ.

[illegible]

LIST OF MALAYALAM PUBLICATIONS FOR SALE.

ശ്രീമൂലം മലയാളഭാഷാഗ്രന്ഥാവലി.

	രൂ.	ച.	കാ.
No. 1—ഗുരുദക്ഷിണപ്പാട്ട്	0	7	0
No. 2—ശതമുഖരാമായണം (കിളിപ്പാട്ട്)	0	7	0
No. 3—ഭദ്രോത്പത്തി (കിളിപ്പാട്ട്)	0	10	0
No. 4—പാൎവ്വതീപരിണയം (കിളിപ്പാട്ട്)	0	12	0
No. 5—പടപ്പാട്ട് (കിളിപ്പാട്ട്)	0	14	0
No. 6—കല്യാണസൗഗന്ധികം (ഭാഷാചമ്പു) (രണ്ടാംപതിപ്പ്)	0	6	0
No. 7—പ്രഹ്ലാദചരിതം (ഹംസപ്പാട്ട്)	0	5	0
No. 8—ഗിരിജാകല്യാണം (ഗീതപ്രബന്ധം)	1	0	8
No. 9—വ്യവഹാരമാല (സ്മൃതിഗ്രന്ഥം)	3	1	8
No. 10—ശ്രീമദ്ഭാഗവതം ഭാഷാ (ഗദ്യം) ൧-ാംവാല്യം	1	0	8
No. 11—കൃഷ്ണലീല (ഗീതപ്രബന്ധം)	0	4	0
No. 12—വിംശതി (സവ്യാഖ്യാനം)	0	7	0
No. 13—മോക്ഷദായകം (കിളിപ്പാട്ട്)	0	8	0
No. 14—ശ്രീമദ്ഭാഗവതം ഭാഷാ (ഗദ്യം) ൨-ാംവാല്യം	1	7	10
No. 15—ഭാഷാരാമായണചമ്പു (ബാലകാണ്ഡം)	1	7	10
No. 16—പാൎവ്വതീപാണിഗ്രഹണം (ആരുവൃത്തം)	0	4	0
No. 17—പ്രൈഷം (ഭാഷ്യഭൂഷിതം)	0	7	0
No. 18—ഭീഷ്മോപദേശം (ഹംസപ്പാട്ട്)	0	12	0
No. 19—ഭാഷാരാമായണചമ്പു (അയോദ്ധ്യാകാണ്ഡം, ആരണ്യകാണ്ഡം, കിഷ്കിന്ധാകാണ്ഡം)	1	7	10
No. 20—ഭാഷാരാമായണചമ്പു (സുന്ദരകാണ്ഡം, യുദ്ധ-കാണ്ഡം, ഉത്തരകാണ്ഡം)	1	7	10
No. 21—വിഷ്ണുഗീത (ഹംസപ്പാട്ട്) (രണ്ടാംപതിപ്പ്)	0	14	0
No. 22—തത്ത്വമസിവ്യാഖ്യാനവും തത്ത്വമസിമഹാവാക്യം കട്ടിളയും	0	4	0
No. 23—ബ്രഹ്മാനന്ദവിവേകസമുല്ലം	0	4	0
No. 24—കണ്ണശ്ശഭാരതം (ഒന്നാംഭാഗം) (രണ്ടാംപതിപ്പ്)	0	14	4
No. 25—രണ്ടു ഭാഷാചമ്പുക്കൾ (രണ്ടാംപതിപ്പ്)	0	4	0

ശ്രീവഞ്ചിസേതുലക്ഷ്മീഗ്രന്ഥാവലി.

	രൂ.	ച.	കാ.
No. 1—വൈദ്യമഞ്ജരി	1	7	10
No. 2—ജാതകപദ്ധതി (സവ്യാഖ്യാനം)	0	21	0
No. 3—ഭാഷാജാതകപദ്ധതി	1	0	8
No. 4—പ്രശ്നഭാഷ	0	5	0
No. 5—മുഹൂർത്തപദവി (സവ്യാഖ്യാനം)	0	10	0
No. 6—ബാലശങ്കരം (പൂർവ്വഭാഗം)	0	14	0
No. 7—ആര്യ്യഭടീയം ഗീതികാപാദം (സവ്യാഖ്യാനം)	0	4	0
No. 8—രസവൈശേഷികം (വൈദ്യം) (ഭാഷ്യസഹിതം)	2	1	0
No. 9—ജ്യോത്സ്നിക (വിഷവൈദ്യം) (രണ്ടാംപതിപ്പ്)	0	14	0
No. 10—തന്ത്രയുക്തിവിചാരം (വൈദ്യം)	0	10	11
No. 11—പ്രശ്നസാരം	0	14	0
No. 12—കൌടലീയം (ഭാഷാവ്യാഖ്യാനസഹിതം) ൧-ാംവാല്യം	1	0	8
No. 13—ബാലശങ്കരം (മദ്ധ്യമഭാഗം)	2	1	0
No. 14—നാരായണീയം (സവ്യാഖ്യാനം പ്രഥമഭാഗം)	4	2	0
No. 15—ബാലശങ്കരം (അന്തിമഭാഗം)	0	10	0
No. 16—അഷ്ടാങ്ഗസാരം ഭാഷ	0	4	0
No. 17—നാരായണീയം (സവ്യാഖ്യാനം ദ്വിതീയഭാഗം)	3	1	8
No. 18—കേരളചരിതം (രണ്ടാംപതിപ്പ്)	0	4	0
No. 19—ധ്യാനാമൃതം (രണ്ടാംപതിപ്പ്)	1	0	0

ശ്രീചിത്രോദയമഞ്ജരീഭാഷാഗ്രന്ഥാവലി.

	രൂ.	ച.	കാ.
No. 1—കണ്ണശ്ശഭാഗവതം (൧-ാംഭാഗം) (രണ്ടാംപതിപ്പ്)	1	0	8
No. 2—രാസക്രീഡ (കഥകളി)	0	4	0
No. 3—പലവക ഒററശ്ലോകങ്ങൾ (രണ്ടാംപതിപ്പ്)	0	4	0
No. 4—രാമചരിതം	3	1	8
No. 5—ഭരതവാക്യം	0	4	0
No. 6—നാരായണീയം (സവ്യാഖ്യാനം തൃതീയഭാഗം)	2	15	4

	രൂ.	ച.	കാ.
No. 7—നാരായണീയം (സവ്യാഖ്യാനം · ചതുർത്ഥഭാഗം)	3	1	8
No. 8—ബ്രഹ്മാണ്ഡപുരാണം ഭാഷാ	0	7	0
No. 9—ഹസ്ത്യക്ഷമാസസമരോത്സവം	0	4	0
No. 10—പരമാർത്ഥസാരം ഭാഷാ	0	4	0
No. 11—ആത്മബോധം (ഭാഷാവ്യാഖ്യാസഹിതം)	0	4	0
No. 12—ദേവീമാഹാത്മ്യം ടി	1	0	8
No. 13—വലവീള്ളപുരാണം	0	7	2
No. 14—നാരായണീയം (സവ്യാഖ്യാനം; ൭-ാം ഭാഗം.)	3	1	8
No. 15—ഭഗവദ്ഗീതാ (ഭാഷാവ്യാഖ്യാസഹിതം)	1	0	0
No. 16—നാരായണീയം (ലക്ഷ്മീവിലാസവ്യാഖ്യാനസഹിതം) (ഷഷ്ഠഭാഗം)	3	14	4
No. 17—കണ്ണശ്ശഭാഗവതം (൨-ാംഭാഗം)	1	8	0
No. 18—നാരായണീയം (ലക്ഷ്മീവിലാസവ്യാഖ്യാനസഹിതം) (സപ്തമഭാഗം)	4	0	9
No. 19—കൌടലീയം (ഭാഷാവ്യാഖ്യാനസഹിതം) രണ്ടാംവാല്യം	1	14	4

IN THE PRESS

൧. ജ്യോത്സ്നിക (ദ്വിതീയസംസ്കരണം)

൨. തന്ത്രസമുച്ചയം (ഭാഷാവ്യാഖ്യാനസഹിതം)

൩. ശേഷസമുച്ചയം ടി

൪. കേരളചരിതം

ശ്രീമൂലം മലയാളഭാഷാഗ്രന്ഥാവലി.

ഗ്രന്ഥാങ്കം ൯.

കല്യാണസൌഗന്ധികം

ഭാഷാചമ്പു

ആക്ടിങ്ങ് ക്യൂറേട്ടർ

കെ. മഹാദേവശാസ്ത്രികൾ

പരിശോധിച്ച്

മഹാരാജമഹാമഹിമശ്രീ ശ്രീചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സിലെ

കല്പനപ്രകാരം പ്രസിദ്ധപ്പെടുത്തുന്നതു്.

തൃതീയസംസ്കരണം

തിരുവനന്തപുരം:

തിരുവിതാംകൂർ സർക്കാർ അച്ചുക്കൂടത്തിൽ അച്ചടിച്ചതു്,